**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 589** **28-06-2022 - ൽ മറുപടിയ്ക്ക്**

**ഒരു കുടുംബം ഒരു സംരംഭം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2022 -23 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഒരു കുടുംബം ഒരു സംരംഭം എന്ന പദ്ധതി ഏതു ഘട്ടത്തിലാണ്; | (എ) | 2022-23 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന 'ഒരു കുടുംബം ഒരു സംരംഭം' എന്ന പദ്ധതിയുടെ കരട് മാർഗരേഖ വകുപ്പുതല വർക്കിംഗ് കമ്മിറ്റി പരിശോധിച്ചു വരുന്നു. |
| (ബി) | പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് കുറഞ്ഞത് ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ 2022-23 സംരംഭക വർഷമായി ആചരിക്കുകയാണ്. 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതിക്കായി 7 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഓരോ കുടുംബത്തിലും വ്യാപാര പ്രവർത്തനങ്ങൾ ഉൾപ്പെടെ ഒരു എം.എസ്.എം.ഇ സംരംഭമെങ്കിലും സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽ നിന്ന് യൂണിറ്റിന് ലഭ്യമാകുന്ന വായ്പയുടെയോ, പ്രവർത്തനമൂലധന വായ്പയുടെയോ പലിശ ഇളവ് നൽകാനും പദ്ധതി ലക്ഷ്യമിടുന്നു. നിർമ്മാണം, സേവനങ്ങൾ, വ്യാപാരം, തൊഴിൽ ജോലികൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന യൂണിറ്റുകൾക്ക് സഹായത്തിന് അർഹതയുണ്ടാവും. |
| (സി) | ഈ പദ്ധതി പ്രകാരം സ്ത്രീ സംരംഭകർക്കും ഭിന്നശേഷിക്കാരായ സംരംഭകർക്കും പ്രത്യേക ആനുകൂല്യങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഈ പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം 50 ശതമാനം ഗുണഭോക്താക്കൾ വനിത സംരംഭകരായിരിക്കും. കൂടാതെ ഭിന്ന ശേഷിക്കാർ, വിമുക്ത ഭടന്മാർ, കേരളത്തിന് പുറത്തു വസിക്കുന്നവർ, യുവസംരംഭകർ (45 വയസ് വരെയുള്ളവർ), SC/ST വിഭാഗങ്ങൾ എന്നിവർക്ക് മുൻഗണന നൽകുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ